# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4264** **13.12.2018-ൽ മറുപടിക്ക്**

## എൽ.ഇ.ഡി. ബൾബുകൾ

| | ചോദ്യം<br>ശ്രീ സി. കെ. ശശീന്ദ്രൻ | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| | വൈദ്യുതി ഉപഭോക്താക്കൾക്ക് സൗജന്യ നിരക്കിൽ എൽ.ഇ.ഡി. ബൾബുകൾ നൽകിയിരുന്ന പദ്ധതി നിലവിൽ ഉണ്ടോ; ഇല്ലെങ്കിൽ ആ പദ്ധതി തുടരുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ? | | ഡെൽപ്പ് എന്ന പദ്ധതി നിലവിലുണ്ട്.<br><br>ഡെൽപ്പ് (ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം) എന്ന പദ്ധതിയിലൂടെ സംസ്ഥാനത്ത് ഗാർഹിക ഉപഭോക്താക്കൾക്കിടയിൽ ഊർജ്ജ ക്ഷമതയുള്ള ഉപകരണങ്ങളുടെ ഉപയോഗം പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി നാഷണൽ എൽ.ഇ.ഡി മിഷൻ പങ്കാളികൾ ആയ ഇ.ഇ.എസ്.എൽ എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനവുമായി സഹകരിച്ച് രണ്ട് 9 വാട്ട്സ് എൽ.ഇ.ഡി ബൾബുകൾ വീതം സൗജന്യ നിരക്കിൽ വിതരണം ചെയ്ത് വരുന്നു. 75 ലക്ഷം ഉപഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നതാണ്. രണ്ട് എൽ. ഇ. ഡി ബൾബുകൾ വീതം ആകെ 1.5 കോടി ബൾബുകൾ ഉപഭോക്താക്കളിൽ എത്തിക്കുന്ന പദ്ധതി പ്രകാരം ഒക്ടോബർ മാസം വരെ 1.41 കോടി ബൾബുകൾ വിതരണം ചെയ്ത് കഴിഞ്ഞു. ബാക്കിയുള്ള ബൾബുകളുടെ വിതരണത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>ഗാർഹിക ഉപഭോക്താക്കൾക്ക് ഗുണമേന്മയുമുള്ള എൽ.ഇ.ഡി ബൾബുകൾ മിതമായ നിരക്കിൽ വിതരണം ചെയ്യുന്നതിനാണ് ഫിലമെന്റ് രഹിത കേരളം പദ്ധതി ലക്ഷ്യമിടുന്നത്.<br>എനർജി മാനേജ്മെന്റ് സെന്ററും, കെ. എസ്. ഇ. ബി യും സംയുക്തമായാണ് ഫിലമെന്റ് രഹിത കേരളം പദ്ധതി നടപ്പിലാക്കുന്നത്. |

Hemalatha

സെക്ഷൻ ഓഫീസർ